പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4831 05/02/2014-ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ ഗ്രോബാഗ് പദ്ധതി

| ചോദ്യം<br>ശ്രീ. ജി. എ സ്. ജയലാൽ | മറുപടി<br>**ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
|---|---|
| എ) കൃഷി വകുപ്പ് കൊല്ലം ജില്ലയിലെ കൃഷി ഭവനുകൾ മുഖാന്തിരം നടപ്പിലാക്കിയ പച്ചക്കറി കൃഷിക്കു വേണ്ടിയുള്ള ഗ്രോബാഗ് പദ്ധതിയിൽ വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നു വെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെ -ട്ടിട്ടുണ്ടോ; | എ) കൊല്ലം ജില്ലയിൽ പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ ഗ്രോബാഗ് വിതരണത്തിൽ അഴിമതിയുള്ളതായി ആരോപിച്ച് ഒരു ഊമപ്പരാതി കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ലഭിക്കുകയും ടി പരാതി അന്വേഷണത്തിനും അനന്തര നടപടിക്കുമായി കൃഷി ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. |
| ബി) പ്രസ്തുത പദ്ധതിയിൽ നടന്ന ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് കൊല്ലം ജില്ലാ വികസന സമിതിയിൽ നിയമസഭാ സാമാജികർ ആവശ്യ-പ്പെട്ടിരുന്നുവോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) ചാത്തന്നൂർ എം.എൽ.എ ശ്രീ.ജി.എസ്.ജയലാൽ കൊല്ലം ജില്ലാ വികസന സമിതിയിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. വിശദമായ റിപ്പോർട്ട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും നൽകിയിരുന്നു. |
| സി) ജില്ലാ വികസന സമിതിയിലെ ആവശ്യ പ്രകാരം പോലീസ് വകുപ്പിന്റെയോ കൃഷി വകുപ്പി ന്റെയോ ഏതെങ്കിലും വിഭാഗം അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് അന്വേഷി -ക്കുന്നതെന്നും, അന്വേഷണ പുരോഗ തിയും വ്യക്തമാക്കുമോ; | സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച ഊമപ്പരാതിയുടെ അടിസ്ഥാനത്തിൽ കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ കൃഷി ഡയറക്ടറേറ്റിലെ വിജിലൻസ് ഓഫീസർ 13/08/2013-ൽ ഒരു പ്രാഥമിക അന്വേഷണം നടത്തിയിരുന്നു. പദ്ധതി നടത്തിപ്പ് ഗുണഭോക്താക്കളുടെ വിവരം എന്നിങ്ങനെയുള്ള കൂടുതൽ വിശദാംശങ്ങൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ കെയ്കോ ഡിവിഷണൽ എഞ്ചിനീയർ എന്നിവരിൽ നിന്നും ആരാഞ്ഞിട്ടുള്ളതും ആയതു ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതുമാണ്. |
| ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ത്തിലും ഉല്പാദനോപാദികളുടെ ശേഖരണത്തിലും നടത്തിയിട്ടുള്ള ക്രമക്കേടുകൾ അന്വേഷിക്കുവാൻ സന്നദ്ധമാകുമോ; വിശദമാക്കാമോ? | ഡി) ഇപ്പോൾ തന്നെ കൃഷി വകുപ്പിലെ വിജിലൻസ് സെൽ ഈ വിഷയത്തിൽ അന്വേഷണം നടത്തുന്നുണ്ട്. |

Srikhams

**സെക്ഷൻ ഓഫീസർ**